**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1409** — **02.03.2017-ൽ മറുപടിക്ക്**

## കൊച്ചിൻ മരക്കടവിലെ ബോട്ട് അപകടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 08.01.2017 ൽ കൊച്ചിൻ മരക്കടവിൽ നിന്നും കടലിൽ പോയ ശ്രീ.എ. ജൂഡിന്റെ ഉടമസ്ഥതയിലുള്ള ഹർഷിത എന്ന ബോട്ട് ഒരു ചരക്ക് കപ്പലിടിച്ച് മുങ്ങിപ്പോകുകയുണ്ടായി എന്ന പരാതിയിന്മേൽ നടത്തിയ അന്വേഷണം വിശദമാക്കാമോ; | (എ)യും<br>(ബി)യും | 08.01.2017 ഞായറാഴ്ച പുലർച്ചെ പുറം കടലിൽ കരയിൽ നിന്നും ഉദ്ദേശം 60 നോട്ടിക്കൽ മൈൽ അകലെ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന 'ഹർഷിത' എന്ന മത്സ്യബന്ധന ബോട്ടിൽ ഒരു കണ്ടെയ്നർ കപ്പൽ ഇടിക്കുകയും ഇടിയുടെ ആഘാതത്തിൽ ഇത് തകരുകയും മുങ്ങുകയും ബോട്ടിലുണ്ടായിരുന്ന 7 തൊഴിലാളികൾ കടലിൽ വീഴുകയും ഇവരെ സമീപത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന 'ചിന്ത്' എന്ന മത്സ്യബന്ധന ബോട്ട് രക്ഷിച്ച് കരയിൽ എത്തിക്കുകയും വൈദ്യസഹായത്തിനായി ഫോർട്ട് കൊച്ചിയിലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ടി അപകടത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് എറണാകുളം ജില്ലാ കളക്ടറും എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഇന്ത്യൻ കോസ്റ്റ് ഗാർഡിനോട് ടി ദിവസം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇടിച്ച കപ്പൽ കണ്ടെത്തി നാശനഷ്ടം സംഭവിച്ച ബോട്ടിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മുംബൈക്ക് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബോട്ടിനെ ഏത് ചരക്കുകപ്പലാണ് ഇടിച്ചതെന്ന വസ്തുത കണ്ടെത്തിയിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | | |

സെക്ഷൻ ഓഫീസർ